# ഗവണ്മെന്റ് എൽ പി സ്കൂൾ കക്കാട്ടുപാറ




# വിഷൻ 2025-26

Scanned with OKEN Scanner

# സ്കൂൾ മാസ്റ്റർപ്ലാൻ

Scanned with OKEN Scanner

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ഗവ. എൽ.പി. സ്കൂൾ കക്കാട്ടുപാറ |
| വിലാസം | : | കിങ്ങിണിമറ്റം പി.ഒ, എറണാകുളം - 682311 |
| ഫോൺ | : | 0484 261231 |
| സ്കൂൾ കോഡ് | : | 25605 |
| വിദ്യാഭ്യാസ ഉപജില്ല | : | കോലഞ്ചേരി |
| വിദ്യാഭ്യാസ ജില്ല | : | ആലുവ |
| റവന്യൂ ജില്ല | : | എറണാകുളം |
| ബി.ആർ.സി. | : | കോലഞ്ചേരി |
| ഗ്രാമപഞ്ചായത്ത് | : | പൂത്തൃക്ക |
| ബ്ലോക്ക് പഞ്ചായത്ത് | : | വടവുകോട് |
| ജില്ല പഞ്ചായത്ത് | : | എറണാകുളം |
| നിയമസഭാ മണ്ഡലം | : | കുന്നത്തുനാട് |
| ലോകസഭാ മണ്ഡലം | : | ചാലക്കുടി |
| താലൂക്ക് | : | കുന്നത്തുനാട് |
| വില്ലേജ് | : | ഐക്കരനാട് സൗത്ത് |
| ഇമെയിൽ | : | glpskakkattupara@gmail.com |
| വെബ്സൈറ്റ് | : | www.glpskakkattupara.co.in |

Scanned with OKEN Scanner

| | |
|---|---|
| ഹെഡ്മിസ്ട്രസ് | 1 |
| എൽ.പി.എസ്.റ്റി. | 3 |
| പ്രീ-പ്രൈമറി ടീച്ചർ | 1 |
| പി.ടി.സി.എം. | 1 |
| പ്രീ-പ്രൈമറി ആയ | 1 |
| പാചകത്തൊഴിലാളി | 1 |
| **ആകെ** | **8** |

## ആമുഖം

പൂത്തൃക്ക ഗ്രാമപഞ്ചായത്തിലെ കക്കാട്ടുപാറ എന്ന ഗ്രാമത്തിലാണ് വിദ്യാലയം. 1915-ൽ സ്കൂൾ സ്ഥാപിതമായി. മുൻകാലത്ത് വടാത്ത് നിലത്തെഴുത്ത് ആശാന്മാരുടെ നിലത്തെഴുത്ത് കളരിയായിരുന്നു ഈ വിദ്യാലയം. ആരംഭകാലത്ത് കെട്ടിടത്തിന്റെ മേൽക്കൂര ഓല മേഞ്ഞതും തറ ചാണകം മെഴുകിയതമുമായിരുന്നു. പിന്നീട് കെട്ടിടം ഓടു മേഞ്ഞു.

ഇന്നാട്ടുകാരനായ ശ്രീ. വി.പി. ജോയി ഐ.എ.എസ്. എറണാകുളം ജില്ലാ കളക്ടർ ആയിരുന്നപ്പോൾ അനുവദിച്ച ഫണ്ടുപയോഗിച്ച് 1998-99 കാലത്ത് ഇന്നത്തെ പ്രധാന കെട്ടിടത്തിലെ നാല് ക്ലാസ്സ് മുറികളും ഓഫീസും നിർമ്മിച്ചു. 2005-2006 കാലത്ത് SSA ഫണ്ട് ചെലവഴിച്ച് രണ്ട് ക്ലാസ്സ് മുറികൾ പ്രധാന കെട്ടിടത്തോട് ചേർന്ന് നിർമ്മിച്ചു. ബഹു.കുന്നത്തുനാട് എം.എൽ.എ. ശ്രീ. വി.പി. സജീന്ദ്രന്റെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച് ഒരു പ്രീ പ്രൈമിറ ക്ലാസ്സും കൂടി നിർമ്മിച്ചു.

2014-15-ൽ സ്കൂൾ ശതാബ്ദി ആഘോഷിച്ചു. കാർഷിക കൂട്ടായ്മയോടെ സ്കൂളിനു സമീപത്തുള്ള 10 ഏക്കറോളം വരുന്ന തരിശു നെൽവയലില് പ്രകൃതി നെൽക്കൃഷി ഇറക്കിയാണ് ശതാബ്ദി ഉദ്ഘാടനം ചെയ്തത്. ഈ പരിപാടി പുതുതലമുറയെ കൃഷിയിലേക്കും പ്രകൃതിയിലേക്കും പുതുജീവൻ നല്കി തിരിച്ചു കൊണ്ടു വരുവാൻ സഹായിച്ചു. ഈ കാലയളവിൽ ബഹു. ചാലക്കുടി എം.പി. ശ്രീ. ഇന്നസെന്റ് സ്കൂൾ ബസ് അനുവദിച്ചു തന്നു.

K.P.S.C. അംഗമായിരുന്ന ശ്രീ. എൻ.പി. വർഗ്ഗീസ് മഹാത്മഗാന്ധി സർവ്വകലാശാല മുൻ ഗാന്ധിയൻ സ്റ്റഡി വിഭാഗം

Scanned with OKEN Scanner

മേധാവി ഡോ. എം.പി. മത്തായി, ഗവ. സർവ്വീസിൽ നിന്നും വിരമിച്ച് ഡോ. എം.വി. വിജയൻ MBBS Ortho, ഡോ. ജോൺ മത്തായി MBBS എഞ്ചിനീയറായ ശ്രീ. എം.പി. വർഗ്ഗീസ് എന്നിവർ പ്രശസ്ത പൂർവ്വ വിദ്യാർത്ഥികളിൽ ചിലരാണ്.

**ഭൗതിക നേട്ടങ്ങൾ:**

2011–12 വർഷത്തിൽ സ്കൂൾ അടച്ചു പൂട്ടുമെന്ന ഘട്ടത്തിൽ എത്തി. PTA, MPTA തുടങ്ങിയ സമിതകൾ നിലവിലുണ്ടായിരുന്നു. പുതുതായി സ്കൂൾ സംരക്ഷണ സമിതി, ഐ.ടി. കോഡിനേഷൻ സമിതി, കിഡ്സ് സമിതി പൂർവ്വ വിദ്യാർത്ഥി സംഘടന, ബയോഡൈവേഴ്സിറ്റി സമിതി, കലാസമിതി തുടങ്ങിയ ജനകീയ സമിതികൾ രൂപീകരിച്ച് രാപകലില്ലാതെ അവധി ദിവസമോ പ്രവൃത്തി ദിവസമോ എന്ന വത്യാസമില്ലാതെ പ്രവർത്തിച്ചു. 2011–12 വർഷത്തിൽ പ്രീപ്രൈമറിയും ആരംഭിച്ചു. ഐ.ടി. കോഡിനേഷൻ ചെയർമാൻശ്രീ. റജി എം. പോളിന്റെ നേതൃത്വത്തിൽ എല്ലാ ക്ലാസ്സ് മുറികളിലും ഇന്റർനെറ്റ് സൗകര്യം ഒരുക്കി. ഗ്രാമീണർക്കായി സ്കൂളിൽ വഹന സൗകര്യം ഏർപ്പെടുത്തി. തൽഫലമായി അടുത്ത അധ്യായന വർഷത്തിൽ കുട്ടികളുടെ എണ്ണത്തിൽ ക്രമാതീതമായ വർദ്ധനവ് ഉണ്ടായി.

സ്കൂളിന് സ്വന്തമായി ഒരു വെബ്സൈറ്റ് ഓപ്പൺ ചെയ്തു. വിവിധ ദിനാചരണങ്ങൾ വൻജനപങ്കാളിത്തത്തോടെ ആഘോഷിച്ചു. ഫെഡറൽ ബാങ്കിന്റെ കോലഞ്ചേരി ശാഖ സ്കൂളിനെ ദത്തെടുത്തു. ജനപങ്കാളിത്ത ത്തോടെ ക്ലാസ്സ് മുറികളും ഓഫീസും വരാന്തയും ടൈൽ വിരിക്കുകയും Assistnt Engineer Sri. C.P. Boban ഇലക്ട്രിഫിക്കേഷൻ വർക്കുകൾ സൗജന്യമായി ചെയ്ത് തരികയും ചെയ്തു. Sythite Industries ന്റെ നേതൃത്വത്തിൽ കിഡ്സ് പാർക്ക് നവീകരിച്ചു. Round Table Kolenchery Chapter ഭോജനശാലയും നിർമ്മിച്ചു തന്നു. 2019–20-ൽ ക്ലാസ്സ് മുറികൾ ഡിജിറ്റലൈസ് ചെയ്തു. 2024ൽ വർണ്ണക്കൂടാരം പദ്ധതി ആരംഭിച്ചു.

**പരിമിതികൾ:**

ഓഫീസ്, ലാബ്, ലൈബ്രറി, കമ്പ്യൂട്ടർ റൂം എന്നിവയ്ക്ക് മതിയായ സൗകര്യങ്ങളുള്ള മുറികൾ ഇല്ല. ശൗചാലയം ആധുനിക രീതിയിലുള്ളതല്ല. ഓഡിറ്റോറിയം ഇല്ല. എല്ലാ ക്ലാസ്സിലേക്കും ആവശ്യമായ ഫർണിച്ചറുകൾ ഇല്ല.

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക | 1. ഇഗ്ലീഷ് അസംബ്ലി ആഴ്ചയിലെ 2 ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും അധ്യാപകർ ഇംഗ്ലീഷിൽ സംസാരിക്കൽ<br>2. ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുക. | ആഴ്ചയിൽ 2 ദിവസം<br><br>എല്ലാ ദിവസവും | ക്ലാസ്സ് ടീച്ചർ<br><br>ഇംഗ്ലീഷ് ടീച്ചർ | |
| കളികളിലൂടെയുള്ള ഭാഷാപഠനം | വീട്ടിലൊരു ലൈബ്രറി-വിദ്യാലയത്തിലെന്ന പോലെ വീട്ടിലും കുട്ടികൾ ലൈബ്രറി ആസ്വദിക്കുന്നു. കുടുംബാഗംങ്ങളെ വായനയുടെ ലോകത്തേയ്ക്ക് ആകർഷിക്കുന്നു.<br><br>ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. ഉത്തരം കണ്ടെത്താൻ നിശ്ചിത ദിവസം നൽകുന്നു. വിജയികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നു. | മാസത്തിൽ ഒരിക്കൽ | ലൈബ്രറി ടീച്ചർ (ചർജ്ജ്)<br><br>ഇംഗ്ലീഷ് ക്ലബ്ബ് | |
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ഇംഗ്ലീഷ് കോർണർ-ക്ലാസ്സ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ, ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക. English quiz, English Theatre: പാഠഭാഗങ്ങളെ വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റി എഴുതി അവതരിപ്പിക്കുക. Skit, Conservation etc. | പ്രതിമാസ പരിപാടി<br><br>പ്രതിമാസം | ഇംഗ്ലീഷ് ക്ലബ്ബ്<br><br>ഇംഗ്ലീഷ് ടീച്ചർ | |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസര മൊരുക്കൽ, വായനാ സാമഗ്രികളുടെ നിർമ്മാണം | രചനാ ശില്പശാല: കവിയരങ്ങ്/പാട്ടരങ്ങ് രചനാശില്പശാല എന്നിവ സംഘടിപ്പിക്കൽ, രൂപപ്പെടുന്ന ഉൽപന്നങ്ങൾ പഠന സാമഗ്രിയായി ഉപയോഗിക്കുക.<br><br>ലഘുപ്രസംഗം: സ്കൂൾ അസംബ്ലിയിൽ ഇംഗ്ലീഷിലും മലയാളത്തിലുമായി പൊതുവായ വിഷയത്തെ അടിസ്ഥാനമാക്കി ലഘുപ്രസംഗം അവതരിപ്പിക്കുന്നു. ഉദാ: അച്ചടക്കം | ഒരു ടേമിൽ<br><br>ആഴ്ചയിൽ 2 തവണ | വിദ്യാരംഗം കലാസാഹിത്യ വേദി<br><br>ക്ലാസ്സ് ടീച്ചർ | |
| വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | സ്കൂൾ ലൈബ്രറിയിലേക്ക് കൂടുതൽ പുസ്തകങ്ങൾ ഭവന സന്ദർശനത്തിലൂടെ കണ്ടെത്തുക.<br>സാഹിത്യ സമാജം: എല്ലാ വെള്ളിയാഴ്ചകളിലും കുട്ടികളുടെ സർഗ്ഗശേഷി പ്രകടനത്തിന് വേദിയൊരുക്കൽ | വർഷത്തിൽ ഒരിക്കൽ<br><br>ആഴ്ചയിൽ 1 തവണ | സ്റ്റാഫ് & പി.ടി.എ.<br><br>ബാലസഭ | |
| ഒരു സാഹിത്യ രൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റൽ | ബാലസാഹിത്യ നോവലുകൾ/ ചെറുകഥകൾ തുടങ്ങിയവയുടെ നാടകാവിഷ്ക്കരണം പതിപ്പുകൾ, കയ്യെഴുത്ത് മാസിക, നിഘണ്ടു നിർമ്മാണ് | പ്രതിമാസ പരിപാടി | ബാലസഭ | |
| വിവിധ ശേഷികളുടെ വികസനം | ദിനാചരണങ്ങൾ: ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ നിശ്ചിത ദിവസങ്ങളിൽ സംഘടിപ്പിക്കുന്നു. | | HM & Staff | 500/- |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുക | സ്കൂളിൽ ജൈവ വൈവിധ്യ പാർക്ക് നിർമ്മിക്കുക, ജൈവ വേലി നിർമ്മിക്കുക, സംരക്ഷിക്കുക. | വർഷത്തിൽ ഒരിക്കൽ | Nature Club | |
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തുക | ക്ലാസ് പി.ടി.എ. എല്ലാ മാസവും വിളിച്ച് കൂട്ടുക. പൊതുചർച്ച, പഠന പുരോഗതി മുതലായവ വിലയിരുത്തുക | എല്ലാ മാസവും | HM & Staff | |
| ആരോഗ്യ പരിപാലനം | ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്ത മെനുവച്ച് പ്രഭാത ഭക്ഷണവും ഉച്ചഭക്ഷണവും മികച്ച രീതിയിൽ നൽകുക. തലേദിവസം ഉച്ചഭക്ഷണത്തിൽ ഉൾക്കൊള്ളിച്ച ഏതെങ്കിലും ഒരു കറിയെക്കുറിച്ച് അവതരണം. അതിന്റെ ചേരുവകൾ ആരോഗ്യ പ്രാധാന്യം എന്നിവ വിവരിക്കൽ | എല്ലാ ദിവസവും | ഉച്ചഭക്ഷണ സമിതി<br><br>ക്ലാസ് ടീച്ചർ | |
| ക്ലാസ് ലൈബ്രറിയുടെ നവീകരണം | ക്ലാസ് ടീച്ചറും കുട്ടികളും ജന്മദിനത്തിൽ ഒരു പുസ്തകം ക്ലാസ് ലൈബ്രറിയിലേക്ക് നൽകുക | എല്ലാ മാസവും | ക്ലാസ് ടീച്ചർ | |
| പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരെ മികവുറ്റവരാക്കുക | പഠന പിന്നോക്കാവസ്ഥയിലുള്ളവർക്ക് പ്രത്യേകം വർക്ക്ഷീറ്റുകൾ തയ്യാറാക്കി നൽകുക, മെച്ചപ്പെടുത്തേണ്ടവ കണ്ടെത്തുക തുടങ്ങിയ പ്രവർത്തനങ്ങൾ | പ്രതിദിനം | ക്ലാസ് ടീച്ചർ | |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ശുചിത്വമുള്ള അന്തരീക്ഷം ഒരുക്കൽ | ജൈവമാലിന്യങ്ങളും അജൈവ മാലിന്യങ്ങളും സംസ്ക്കരിക്കുന്നതിനുള്ള ക്രമീകരണം സൗകര്യപ്രദമായ സ്ഥലത്ത് ഒരുക്കൽ | 1 വർഷം | പി.ടി.എ., എസ്.എം.സി | |
| കൃഷി, അറ്റകുറ്റപ്പണി തുടങ്ങിയവ കാര്യക്ഷമമാക്കൽ | വൈദ്യുതി, ജലവിതരണം, പച്ചക്കറി കൃഷി തുടങ്ങിയവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള ഉപകരണങ്ങൾ സജ്ജമാക്കുക. | 6 മാസം | പി.ടി.എ. | 1000/- |
| <u>മേഖല: സാമൂഹികം:</u> സമൂഹ പങ്കാളിത്തം ഉറപ്പാക്കുക — | പൂർവ്വ വിദ്യാർത്ഥി സംഗമം വിളിച്ച് ചേർക്കൽ, അവരുടെ മുമ്പിൽ സ്കൂളിന്റെ ആവശ്യങ്ങൾ അവതരിപ്പിക്കുക, ഫണ്ട് സമാഹരിക്കുക, പൂർവ്വാധ്യാപകരെ വിളിച്ചു ചേർത്ത് സമിതി രൂപീകരിക്കുക | വർഷത്തിൽ ഒരിക്കൽ | എസ്.എസ്.ജി<br>പി.ടി.എ | |
| സമൂഹപങ്കാളിത്തം ഉറപ്പാക്കൽ, നവാഗതർക്ക് വിദ്യാലയത്തെ അറിയാൻ അവസരം | വിദ്യാലയത്തിന്റെ പരിസരത്തുള്ള അങ്കണവാടിയിലെ കുട്ടികളെ പങ്കെടുപ്പിച്ചു കൊണ്ട് കലോത്സവം സംഘടിപ്പിക്കൽ, വിരുന്നു നൽകൽ | വർഷത്തിൽ ഒരിക്കൽ | പി.ടി.എ | 2000/- |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ഔഷധ ഗുണമുള്ള സസ്യങ്ങളെ തിരിച്ചറിയൽ, സംരക്ഷിക്കൽ | ഔഷധസസ്യത്തോട്ടം നിർമിക്കൽ, ഔഷധസസ്യ രജിസ്റ്റർ നിർമ്മിക്കൽ | ജൂൺ - മാർച്ച് | എസ്.ആർ.ജി , കുട്ടികൾ | |
| ജൈവവൈവിധ്യങ്ങളുടെ ഭാഗമായ പൂമ്പാറ്റകളെ ആകർഷിക്കുക വഴി കുട്ടികൾക്ക് ആനന്ദവും ഉന്മേഷവും പ്രദാനം ചെയ്യുക. | ചെടികൾ വച്ചു പിടിപ്പിക്കൽ, ശലഭങ്ങളെ ആകർഷിക്കൽ, ശലഭോദ്യാനം നിർമ്മിക്കൽ | ജൂൺ - മാർച്ച് | എസ്.ആർ.ജി , കുട്ടികൾ, പി.ടി.എ | 1000 |
| ഒരു മാസം സ്കൂളിൽ നടന്ന പ്രവർത്തനങ്ങളെ ഓർത്തെടുത്ത് പത്രം തയ്യാറാക്കുന്നു. ആശയവിനിമയശേഷി നേടാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. | സ്കൂൾ പത്രം തയ്യാറാക്കൽ | മാസത്തിലൊരിക്കൽ | എസ്.ആർ.ജി , കുട്ടികൾ | |
| ലഘുവ്യവഹാര രൂപങ്ങൾ : കഥ, കവിത,ലേഖനങ്ങൾ,ഡയറി,കത്ത്,മുതലായവ എഴുതി രചന പ്രവർത്തനങ്ങളിൽ മികവ് പുലർത്തുക. | രചനോത്സവം<br>എല്ലാ കുട്ടികളും ഭാഷവ്യവഹാര രൂപങ്ങൾ നിർമ്മിക്കൽ | ജനുവരി ആദ്യവാരം | എസ്.ആർ.ജി , കുട്ടികൾ | |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| രചനോത്സവത്തിൽ കുട്ടികൾ നിർമ്മിച്ച വ്യവഹാര രൂപങ്ങൾ ചേർത്ത് മാഗസിൻ രൂപത്തിൽ പ്രസിദ്ധപ്പെടുത്തി ആത്മ വിശ്വാസം വളർത്തുക. | സ്കൂൾ മാഗസിൻ | ജനവരി - മാർച്ച് | എസ്.ആർ.ജി , കുട്ടികൾ | |
| ലഹരി പോലുള്ള സാമൂഹ്യ വിപത്തിനെതിരെ പൊരുതുക,ബോധവാന്മാരാവുക. | ബോധവൽക്കരണ ക്ലാസ്സുകൾ, പോസ്റ്ററുകൾ, പ്ലക്കാർഡ് നിർമ്മാണം ഫ്ലാഷ് മോബ് | ജൂൺ - ഫെബ്രുവരി | എസ്.ആർ.ജി , കുട്ടികൾ | |
| ആരോഗ്യ-കായിക വിദ്യാഭ്യാസത്തിലൂടെ കുട്ടികളുടെ രോഗങ്ങളെ പ്രതിരോധിക്കുന്നു.സാമൂഹികപ രമായ കഴിവുകളും ആരോഗ്യകരമായ ജീവിതശൈലി വളർത്തുന്നു | സൂംബ പ്രാക്ടീസ് (ആഴ്ചയിൽ രണ്ടു പ്രാവശ്യം) ആരോഗ്യ സംരക്ഷണം - ബോധവൽകരണ ക്ലാസ് | ജൂൺ - മാർച്ച് | SRG | |
| ഗണിതപഠനം ആസ്വാദ്യകരമാക്കുക. | അബാക്കസ് പരിശീലനം ഗണിതപ്പാട്ട്, ഗണിത ക്വിസ്സ് | ജൂൺ - മാർച്ച് | ഗണിതാദ്ധ്യാപിക. ക്ലാസ് ടീച്ചർ | |

Scanned with OKEN Scanner

| AIM | ACTIVITY | PERIOD | CHARGE | FINANCIAL ANALYSIS |
|---|---|---|---|---|
| To encourage active listening and speaking skill. | Tell me in English<br>We can creates an English atmosphere. Speak in simple English sentences frequently. Use simple questions and lead to jokes. | June - March | ENGLISH TEACHER | |
| To expand vocabulary | Prepare some story cards and videos of its reading. Share item in whatsapp groups. Celebrate a day in a week as english day. | June - March | ENGLISH TEACHER | |
| To improve communication and comprehension. | Paste some english words on wall, door, shelf etc. Make use of some action songs and games also. | Once in a week | ENGLISH TEACHER | |
| Ensure fluency in english. | English assembly: | Once in a week | CLASS TEACHER | |
| To apply the language in day to day life. | Readers theatre – tell short stories in english with proper actions and voice modulation | Once in a week | ENGLISH TEACHER | |
| Making discourses | Make Descriptions, riddles, writing diary etc. | July to March | ENGLISH TEACHER | |
| | A word in a day. New words are introducing through pictures and appropriate sentences in different context to get its meaning. | Daily | CLASS TEACHER | |

Scanned with OKEN Scanner

## ഉപസംഹാരം

വിദ്യാഭ്യാസ മേഖല വിപ്ലവകരമായ മാറ്റങ്ങൾ നന്ദികുറിച്ചു കൊണ്ട് വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന് തിരിതെളിച്ചിരിക്കുന്നു. മൂല്യാധിഷ്ഠിതവും ശാസ്ത്രീയവും, വികസനോന്മുഖവും, പുരോഗമനാത്മകവുമായ കർമ്മ പദ്ധതികളിലൂടെ ഈ മേഖലയെ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത അനിവാര്യമായിരിക്കുന്നു. ഗവ.എൽ.പി.എസ്. കക്കാട്ടുപാറയുടെ വിദ്യാഭ്യാസ അക്കാദമിക മാസ്റ്റർപ്ലാൻ ഇത്തരം നവീനമായ ആശയങ്ങളുടെ വിപുലമായ രേഖയാണ്. നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും ചരിത്രവും സംരക്ഷിക്കുന്നതിനോടൊപ്പം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഈ ഗ്രാമീണ വിദ്യാലയത്തെ എത്തിക്കുക എന്ന ലക്ഷ്യപൂർത്തിയ്ക്ക് ഉപകരിക്കുന്ന അടുത്ത ചവിട്ടു പടിയാകും നമ്മുടെ അക്കാദമിക മാസ്റ്റർ പ്ലാൻഎന്ന് ഹൃദയപൂർവ്വം പ്രതീക്ഷിക്കുന്നു.

Scanned with OKEN Scanner